**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5104** **14-03-2023 - ൽ മറുപടിയ്ക്ക്**

**മാനേജ്മെന്റ് സ്കൂളുകളിൽ അദ്ധ്യാപക, അനദ്ധ്യാപക തസ്തികകളിലെ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ. പി. ഉബൈദുള്ള ,<br>ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ശ്രീ. എ. കെ. എം. അഷ്റഫ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പിൽ മാനേജ്മെന്റ് സ്കൂളുകളിൽ അദ്ധ്യാപക, അനദ്ധ്യാപക തസ്തികകളിൽ നിയമനം നടത്തുന്നതിന് സർക്കാർ പ്രതിനിധിയെ നിയമിക്കുന്നതിനുള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഭിന്നശേഷി സംവരണം സംബന്ധിച്ച വിഷയങ്ങൾ വരുന്നതിനു മുമ്പുള്ള സർക്കാർ നോമിനി അപേക്ഷകൾ സംബന്ധിച്ച് തീരുമാനമായിട്ടുള്ളതാണ്. മേൽ സംവരണം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ടും റോസ്റ്റർ തയ്യാറാക്കുന്നത് സംബന്ധിച്ചും പൊതുവിദ്യാഭ്യാസ ഡയറക്ടർ നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ മാനേജർമാർ നടപടി സ്വീകരിക്കുന്നതനുസരിച്ച് സർക്കാർ നോമിനി അപേക്ഷകൾ കാലതാമസമില്ലാതെ പരിഗണിക്കുന്നതാണ്. |
| (ബി) | പ്രസ്തുത വിഷയം അടിയന്തരമായി പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഭിന്നശേഷി സംവരണം സംബന്ധിച്ച വിഷയങ്ങൾ വരുന്നതിനു മുമ്പുള്ള സർക്കാർ നോമിനി അപേക്ഷകൾ സംബന്ധിച്ച് തീരുമാനമായിട്ടുള്ളതാണ്. മേൽ സംവരണം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ടും റോസ്റ്റർ തയ്യാറാക്കുന്നത് സംബന്ധിച്ചും പൊതുവിദ്യാഭ്യാസ ഡയറക്ടർ നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ മാനേജർമാർ നടപടി സ്വീകരിക്കുന്നതനുസരിച്ച് സർക്കാർ നോമിനി അപേക്ഷകൾ കാലതാമസമില്ലാതെ പരിഗണിക്കുന്നതാണ്. |
| (സി) | ഹയർ സെക്കണ്ടറി വകുപ്പിലെ ആർ.ഡി.ഡി. ഓഫീസുകളിലെ ജീവനക്കാരുടെ കുറവും നിലവിലുള്ള ജീവനക്കാരുടെ അലംഭാവവും കാരണം എയ്ഡഡ് സ്കൂളുകളിൽ അദ്ധ്യാപക, അനദ്ധ്യാപക തസ്തികകളിൽ സ്ഥിരം നിയമനം നടത്താൻ കഴിയാത്തതുകൊണ്ട് വിദ്യാർത്ഥികൾക്കും മാനേജ്മെന്റുകൾക്കുമുണ്ടാകുന്ന ബുദ്ധിമുട്ടുകൾ | (സി) | പി.എസ്.സി.-യിൽ നിന്ന് ക്ലാർക്ക് നിയമന ശുപാർശ ലഭിക്കുകയും തസ്തികമാറ്റ നിയമനത്തിനായി നീക്കിവെച്ച ക്ലാർക്ക് ഒഴിവുകൾ നികത്തപ്പെടുകയും ചെയ്യുന്നതോടെ ആർ.ഡി.ഡി. ഓഫീസുകളിലെ ക്ലാർക്ക് ജീവനക്കാരുടെ കുറവ് പരിഹരിക്കാൻ കഴിയും. മാനേജ്മെന്റുകൾ അപാകതകളില്ലാതെ നിയമന പ്രക്രിയകൾക്കുള്ള പ്രൊപ്പോസലുകൾ സമർപ്പിച്ചാൽ |

| | | | |
|---|---|---|---|
| | പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | | കാലതാമസമില്ലാതെ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ